ഖുത്വ്ബ നമ്പർ

**05**

**30-01-2014**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**



Baitul Futuh, London

# ആത്മീയ പുരോഗതിക്കുള്ള മാർഗങ്ങൾ

കഴിഞ്ഞ ഖുത്വ്ബയിൽ കർമ്മ സംസ്ക്കരണത്തെ കുറിച്ചും തർബിയ്യത്തിനെ കുറിച്ചും പറഞ്ഞുകൊണ്ട് മുറബ്ബിമാരുടെയും, (ഇതിൽ എല്ലാ വഖ്ഫെ സിന്ദഗികളും ഉൾപ്പെടുന്നതാണ്) അമീർ മാരുടെയും, ഭാരവാഹികളുടെയും ഉത്തരവാദിത്വത്തെ ക്കുറിച്ച് സംസാരിച്ചിരുന്നു. കർമ്മ സംസ്ക്കരണത്തിനുള്ള തടസ്സങ്ങളെ നീക്കുന്നതിനായി അവർ തങ്ങളുടെ പങ്ക് എങ്ങനെ നിറവേറ്റണം എന്നും വിവരിക്കുകയുണ്ടായി. ഇതിന് എന്തെല്ലാം കാര്യങ്ങ ളാണ് ആവശ്യമായിട്ടുള്ളതെന്നും അവ മുറബ്ബിമാരും ഭാരവാഹി കളും തങ്ങളിൽ സ്വാംശീകരിച്ചുകൊണ്ട് ജമാഅത്തംഗങ്ങളോട് പറയുകയും അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യേണ്ട താണ്. ഹ: മുസ്ലിഹ് മൗഊദ് (رضی اللہ عنہ) ന്റെ കാലത്തുണ്ടായിരുന്ന പണ്ഡിതരിലും ഉപദേശകരിലും ഹ: മസീഹ് മൗഊദ് (علیہ السلام) ന്റെ സഹാബാക്കളും സഹാബാക്കളിൽ നിന്ന് ശിക്ഷണം കരസ്ഥ മാക്കിയവരും ഉൾപ്പെട്ടിരുന്നു. അല്ലാഹുവുമായുള്ള അവരുടെ ബന്ധവും ഈമാനിന്റെയും ദൃഢജ്ഞാനത്തിന്റെയും പദവിയും തീർച്ചയായും ഉന്നതവുമായിരുന്നു. ഇതിലൊന്നും അവർക്ക് ഒരു കുറവും ഉണ്ടായിരുന്നില്ല. അവരിലുണ്ടായിരുന്ന കുറവിനെ കുറിച്ച് ഹ: മുസ്ലിഹ് മൗഊദ് (رضی اللہ عنہ) പറഞ്ഞത് അവരുടെ താൽപര്യങ്ങളിൽ മാറ്റം വരുത്തുകയാണ് വേണ്ടത് എന്നാണ്.

വിശ്വാസ ഭിന്നതയുള്ള കാര്യങ്ങളെ ശരിപ്പെടുത്തുന്നതിന് ശക്തി ചെലുത്തുന്നതുപോലെത്തന്നെ കർമ്മ സംസ്കരണത്തിന്റെ കാര്യത്തിലും ശക്തി ചെലുത്തേണ്ടതാണ്. ഹദ്റത് മസീഹ് മൗഊദ് (علیہ السلام) ന്റെ അടയാളങ്ങളും അല്ലാഹുവുമായുള്ള അദ്ദേഹ ത്തിന്റെ ബന്ധവും ഖിലാഫത്തിനോടുള്ള അനുസരണവും നിസാമിനെ അനുസരിക്കേണ്ടതിനെ കുറിച്ചുമെല്ലാം ജമാഅ ത്തംഗങ്ങളെ തർബിയ്യത്ത് ചെയ്യേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇക്കാലത്ത് നാം കാണുന്നത് ആ സ്ഥാനത്ത് ഇപ്പോൾ നാം എത്തിയിട്ടില്ലെന്നതാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് മുർബ്ബിമാരും ഭാരവാഹികളും ഇവ്വിധം കാര്യങ്ങൾ തങ്ങളിൽ നടപ്പിൽ വരുത്തിക്കൊണ്ട് ജമാഅത്തംഗങ്ങളോട് ഈ കാര്യങ്ങൾ പറഞ്ഞു കൊടുക്കുക. അങ്ങനെയാണെങ്കിൽ ഇത് വലിയ സ്വാധീനം ചെലുത്തുന്നതായിത്തീരുന്നതാണ്. തങ്ങളിൽ ഇത് നടപ്പിൽ വരുത്തുക എന്ന കാര്യത്തെക്കുറിച്ച് ചിന്തിക്കേ ണ്ടതും തങ്ങളുടെ മാതൃക സ്ഥാപിച്ചു കാണിക്കേണ്ടതും വളരെ അവശ്യമായിട്ടുള്ളതാണ്. അപ്പോഴായിരിക്കും ഇസ്ലാഹീ കാര്യങ്ങൾ ശരിയായ രീതിയിൽ സ്വാധീനിക്കപ്പെടുക.

കഴിഞ്ഞ ഖുത്വ്ബയിൽ ഇച്ഛാ ശക്തി വർദ്ധിപ്പിക്കുവാനും അറിവില്ലായ്മയെ അകറ്റാനും വേണ്ട കാര്യങ്ങളാണ് വിവരി ച്ചിരുന്നത്. പ്രവർത്തന പരമായ ബലഹീനത അകറ്റുവാനുള്ള മാർഗത്തെ കുറിച്ചും കർമ്മ ശക്തിയെ എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന മൂന്നാമത്തെ കാര്യത്തെ കുറിച്ച് പറഞ്ഞിരു ന്നില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇന്ന് പറയുക.

കഴിഞ്ഞ ഖുത്വ്ബകളിൽ ഇതു സംബന്ധമായി പറഞ്ഞിരുന്നത് പുറമേ നിന്നുള്ള ചികിത്സയും സഹായവും ഇതിനാവശ്യമാണെ ന്നാണ്. മറ്റുള്ളവരുടെ പിന്തുണ ഇതിന് ആവശ്യമാണെന്ന് പറയാം. കർമ്മ സംസ്ക്കരണത്തിനായി ഈ പിന്തുണ രണ്ട് തരത്തിലാണ് വേണ്ടത്. അല്ലെങ്കിൽ രണ്ടു രീതിയിലുള്ള പിന്തുണ നമുക്ക് വേണമെന്ന് പറയാം. ഒന്ന് മേൽനോട്ടം അഥവാ നിരീക്ഷണം. മറ്റൊന്ന് ബലാത്കാരം.

മേൽനോട്ടം കൊണ്ട് ഉദ്ദേശിക്കുന്നത് സ്ഥിരമായി നാം നമ്മുടെ നിരീക്ഷണത്തിൽ വെക്കുക എന്നതാണ്. തെറ്റായ പ്രവർത്തി ചെയ്യുന്നുണ്ടോ എന്ന് നോക്കണം. ഇങ്ങനെയുള്ള മേൽനോട്ടം ഭൗതിക കാര്യങ്ങളിലും നടക്കാറുണ്ട്. വീടുകളിൽ കുട്ടികളെ മാതാപിതാക്കൾ നിരീക്ഷിക്കുന്നു. സ്കൂളുകളിൽ അദ്ധ്യാപകർ പഠിപ്പിക്കുന്നതോടൊപ്പം കുട്ടികളെ നിരീക്ഷിക്കാറുണ്ട്. ചിലപ്പോൾ ഗവൺമെന്റ് ഉദ്യോഗസ്ഥൻ നിരീക്ഷണം നടത്താ റുണ്ട്. റോഡുകളിൽ ട്രാഫിക്ക് നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ സ്ഥിരമായി ക്യാമറകൾ സ്ഥാപിക്കുകയും അതി നോടൊപ്പം ക്യാമറ വെച്ചിട്ടുണ്ടെന്ന് അറിയിക്കാൻ ബോർഡും കൂടെ ഉണ്ടാകും. ഇത് നിരീക്ഷണത്തിന്റെ ഒരു മാർഗ്ഗമാണ്. മാതാ പിതാക്കളുടെ ക്രൂരതക്ക് ഇരയാകുന്ന കുട്ടികളുടെ മാതാപിതാ ക്കൾക്ക് നിങ്ങൾ ഞങ്ങളുടെ നിരീക്ഷണത്തിലാണെന്നും കുട്ടികളെ കൂടുതൽ ശല്യം ചെയ്യുകയാണെങ്കിൽ ശിശുക്ഷേമ വകുപ്പ് കുട്ടികളെ കൊണ്ടു പോകുന്നതാണെന്നും പറയും. വിക സിത രാജ്യങ്ങളിൽ ഇത് പൊതുവിൽ കണ്ടുവരുന്നതാണ്. എന്റെ അഭിപ്രായത്തിൽ അനുവദനീയമല്ലാത്ത രീതിയിൽ കുട്ടികളുടെ മേൽനോട്ടം ഗവൺമെന്റിൽ നിന്നും ഉണ്ടാകുന്നതു കാരണം മാതാപിതാക്കൾ കുട്ടികളെ ഭയന്നും ഈ വിഭാഗത്തെ ഭയന്നും കുട്ടികളിൽ ആവശ്യത്തിനുള്ള നിയന്ത്രണം പോലും ഏർപ്പെടു ത്തുന്നില്ല. അത് കാരണം കുട്ടികൾ ചീത്തയായിത്തീരുന്നു.

ഏതായിരുന്നാലും ഭൗതിക കാര്യങ്ങളിൽ ഇങ്ങനെയുള്ള മേൽ നോട്ടം ചില സന്ദർഭങ്ങളിൽ മോശമായ പ്രതികരണവും ഉണ്ടാക്കുന്നു. ഭാര്യാഭർത്ത് ബന്ധത്തിൽ ഉലച്ചിലുകളുണ്ടാകു ന്നതു കാരണം അവരും നിരീക്ഷിക്കപ്പെടുന്നു. തൊഴിലാളികളെ നിരീക്ഷിക്കുന്നു. ഈ നിരീക്ഷണങ്ങളുടെ എല്ലാം ഉദ്ദേശ്യം കുഴപ്പമുണ്ടാകുമെന്ന് തോന്നുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അവരെ തടയുക എന്നതാണ്. ഈ മേൽ നോട്ടങ്ങൾ ക്കൊണ്ട് ഉദ്ദേശിക്കുന്നത് ഇസ്ലാഹ് നടക്കണം എന്നതാണ് . ഏതായിരു ന്നാലും മേൽ നോട്ടം, നിരീക്ഷണം എന്നത് സംസ്കരണത്തിന്റെ ഒരു ഭാഗമായാണ് എല്ലാ സമൂഹത്തിലും അംഗീകരിക്കപ്പെടുന്നത്.

കർമ്മ സംസ്കരണത്തിന് ഇങ്ങനെ മേൽനോട്ടം വഹിക്കണ മെന്ന് മതവും നമ്മോട് പറയുന്നു. പല തെറ്റായ പ്രവർത്തികളിൽ

നിന്നും ഇതുകാരണം മനുഷ്യന് രക്ഷപ്പെടാൻ സാധിക്കുന്നതാണ്. സമൂഹവും മാതാപിതാക്കളും അവരുടെ പരിധിയിൽ നമ്മേ നിരീക്ഷിക്കുന്നുണ്ട് എന്ന ചിന്ത അവർക്കുണ്ടാകും. മുറബ്ബിമാർ അവരുടെ പരിധിയിൽ മേൽനോട്ടം വഹിക്കുക എന്നത് അവരുടെ ജോലിയാണ്. നിസാമും അവരുടെ പരിധിയിൽ മേൽനോട്ടം വഹിക്കേണ്ടതാണ്. ഓരോ മേൽനോട്ടക്കാരനും അവരുടെ കീഴിലുള്ളവരെ കുറിച്ച് ചോദിക്കപ്പെടുന്നതാണെന്ന ഇസ്‌ലാമിന്റെ ഈ അധ്യാപനം കൂടി മുമ്പിലുണ്ടെങ്കിൽ മേൽനോട്ടം വഹിക്കപ്പെടുന്നവരുടെ ഇസ്‌ലാഹ് മാത്രമല്ല നടക്കുക, മേൽനോട്ട ക്കാരുടെ സംസ്കരണവും നടക്കുന്നതാണ്. ഏതായിരുന്നാലും കർമ്മ സംസ്കരണത്തിന് മേൽനോട്ടം എന്നത് വളരെയധികം സ്വാധീനം ചെലുത്തുന്ന ഒന്ന് തന്നെയാണ്.

ഇസ്‌ലാഹിന് വേണ്ടി അനിവാര്യമായിട്ടുള്ള രണ്ടാമത്തെ സംഗതി ബലപ്രയോഗമാണ്. മത കാര്യങ്ങളിൽ ബലാൽകാര മില്ലെന്ന് നാം പറയാറില്ലെ, പിന്നെ എന്തുകൊണ്ട് കർമ്മ സംസ്കര ണത്തിന് വേണ്ടി ബലപ്രയോഗം നടത്തണം എന്ന് ചിലർ ചിന്തിക്കുന്നുണ്ടാകും. ഇവിടെ നാം മനസ്സിലാക്കേണ്ടത് മതം സ്വീകരിക്കാനും മതം ഉപേക്ഷിക്കാനും ബലപ്രയോഗമില്ലാ എന്നതാണ് അതിന്റെ അർത്ഥം. ഏതു മതം സ്വീകരിക്കാനും ഏതു മതം ഉപേക്ഷിക്കാനും ഓരോരുത്തർക്കും സ്വാതന്ത്രമുണ്ട്. ഇസ്‌ലാം ഈ ഒരു സ്വാതന്ത്രം വളരെ വ്യക്തമായി നൽകുന്നുണ്ട്. ഇവിടെ ബലാൽകാരം കൊണ്ട് ഉദ്ദേശിക്കുന്നത് ഇന്ന മതവിശ്വാസിയാണെന്ന് പറഞ്ഞു കൊണ്ട് അതിന്റെ നിയമങ്ങളെ ലംഘിക്കുകയും അത് പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. ഒരു ഭാഗത്ത് ഞങ്ങൾ ജമാഅത്തിന്റെ നിസാമിന്റെ ഭാഗമാണെന്ന് പറയുക. മറുഭാഗത്ത് നിസാമിന്റെ നിയമങ്ങളെ ലംഘിക്കുകയും ചെയ്യുക. ഇങ്ങനെയാണെങ്കിൽ തീർച്ചയായും അവിടെ ബലം പ്രയോഗിക്കേണ്ടതായി വരും. ഇവിടെ ബലപ്രയോഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്. നിസാമിന്റെ ഭാഗമായി ജീവിക്കാൻ ആഗ്രഹിക്കുന്നു ണ്ടെങ്കിൽ അതിന്റെ അധ്യാപനമനുസരിച്ചും ജീവിക്കേണ്ടതായി വരും. അതല്ലെങ്കിൽ ശിക്ഷ ലഭിച്ചേക്കാം. പിഴ ചുമത്തിയേക്കാം. ചില വിലക്കുകൾ ഏർപ്പെടുത്തിയേക്കാം. ഇതിന്റെയെല്ലാം ഉദ്ദേശ്യം ഇസ്‌ലാഹ് വരുത്തുക എന്നതാണ്. അങ്ങനെ പ്രവർത്തന വൈകല്യത്തെ ദുരീകരിക്കാൻ സാധിക്കുന്നതാണ്.

ജമാഅത്തിലും നിസാമെ ജമാഅത്ത് ശിക്ഷ നൽകുമ്പോൾ അതിന്റെ ലക്ഷ്യം തന്നെ ഇസ്‌ലാഹ് വരുത്തുക എന്നതാണ്. ആരെയെങ്കിലും വേദനിപ്പിക്കുകയോ വെറുതേ പ്രയാസപ്പെടു ത്തുകയോ അല്ല. ഇങ്ങനെയുള്ള ബലപ്രയോഗം ഗവൺമെന്റ് നിയമങ്ങളിലും നമുക്ക് കാണാവുന്നതാണ്. അവിടെയും ശിക്ഷ ലഭിക്കാറുണ്ട്. ജയിലിൽ ഇടുന്നു. പിഴ അടക്കേണ്ടതായും വരുന്നു. ചിലപ്പോൾ വധിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം ഉദ്ദേശ്യം സമൂഹത്തിൽ സമാധാനം നിലനിൽക്കണം എന്നതാണ്. മറ്റുള്ളവർക്ക് നഷ്ടം വരുത്തുവാൻ ഉദ്ദേശിക്കുന്നവർക്ക് അത് ചെയ്യാൻ സാധിക്കരുത്. ചില സന്ദർഭങ്ങളിൽ തനിക്ക് തന്നെ നഷ്ടം വരുത്തുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ അതിനും ശിക്ഷ ലഭിക്കാറുണ്ട്. എന്നാൽ ഈ ശിക്ഷാ നടപടികൽ നൽകുമ്പോഴും അവരെ നന്നാക്കുവാനുള്ള മാർഗങ്ങൾ അവലംഭിക്കുന്നു. ആരെയെങ്കിലും തൂക്കിലേറ്റുകയാണെങ്കിൽ തന്നെ ഈ ബലപ്രയോഗം നടത്തുന്നത് ഈ കൊലയാളി ഒരു ജീവനെ നശിപ്പിക്കുകയുണ്ടായി എന്ന കാരണത്താലാണ്. കൊലയാളി കൾക്ക് തുറന്ന അനുവാദം നൽകുകയാണെങ്കിൽ സമൂഹത്തിലെ സമാധാനം നശിക്കുന്നതാണ്. പല കൊലയാളികളും പിന്നീട് ഉണ്ടായി വരുന്നതാണ്. അതിനാൽ വധത്തിന് ശിക്ഷ വധം തന്നെ നൽകുമ്പോൾ മറ്റുള്ളവരെ കൊല്ലണം എന്ന ചിന്തവെച്ച് നടക്കുന്നവർക്കും അതേ പോലെ കൊലയാളികൾക്കും ഇതൊരു താക്കീതായിത്തീരുന്നു. ചുരുക്കത്തിൽ ഈ ബലപ്രയോഗം ഇസ്‌ലാഹിന്റെ ഒരു ഭാഗമാണ്, ലോകത്ത് നടന്നു വരുന്ന ഒന്നാണ്. ഭൗതികമായ ശിക്ഷകൾക്ക്, അവരുടെ ബലപ്രയോഗ ത്തിന് വിശ്വാസവുമായി ബന്ധമില്ല. എന്നാൽ മതവുമായ ബന്ധപ്പെട്ടവർ ബലപ്രയോഗം നടത്തുമ്പോൾ, ദീനി സംവിധാന ത്തിന്റെ കീഴിൽ അവർക്ക് ശിക്ഷ നൽകുമ്പോൾ, അത് പിഴ പോലുള്ള ഏതു രീതിയിലുള്ള ശിക്ഷയാണെങ്കിലും, ഏതെങ്കിലും രീതിയിലുള്ള വിലക്ക് ഏർപ്പെടുത്തുകയാണെങ്കിലും, ജമാഅത്ത് ചിലപ്പോൾ ചന്ദ വാങ്ങരുതെന്ന് പറയാറുണ്ട്, ഇതെല്ലാം തന്നെ ബലപ്രയോഗത്തിലൂടെ അവരെ തടയുന്നുണ്ടെങ്കിലും അതോ ടൊപ്പം അവർ സൽപ്രവർത്തികൾ ചെയ്യുന്നതിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചുപിടിക്കുകയും ചെയ്യുമ്പോൾ, ശിക്ഷയിൽ നിന്നും രക്ഷപ്പെടണമെന്നും കാലത്തിന്റെ ഖലീഫയുടെ കോപത്തിൽ നിന്നും അല്ലാഹുവിന്റെ കോപത്തിൽ നിന്നും രക്ഷപ്പെടണമെന്ന ചിന്തയോടു കൂടി സൽപ്രവർത്തികൾ ചെയ്യുമ്പോൾ, പതുക്കെപ്പതുക്കെ ഹൃദയത്തിൽ ഈമാൻ ഉണ്ടായിത്തീരുകയും അത് വർദ്ധിക്കുകയും ചെയ്യുന്നു. അവർ തിന്മകൾ ഉപേക്ഷിച്ച് സസന്തോഷം നന്മകൾ ചെയ്യുന്നവരായി മാറുന്നു.

അതിനാൽ എപ്പോഴും ഓർക്കേണ്ടത് സൽപ്രവർത്തികൾ ചെയ്യുന്ന ശീലം ഉണ്ടാക്കുന്നതിനായി വിവിധ മാർഗ്ഗങ്ങൾ അവലംഭിക്കേണ്ടിയിരിക്കുന്നു. ഈ മാർഗങ്ങൾ സ്വീകരിക്കാതെ കർമ്മ സംസ്കരണത്തിൽ വിജയം വരിക്കാൻ കഴിയില്ല. അതിനാൽ ഈ മാർഗങ്ങളെ ഉപയോഗിക്കുക എന്നത് വളരെ അനിവാര്യമാണ്. കഴിഞ്ഞ് ഖുത്ബയിൽ പ്രതിപാദിച്ചിട്ടുള്ള ഈമാനിനെ ഉണ്ടാക്കുക, യഥാർത്ഥ അറിവ് ഉണ്ടാക്കുക എന്നതും ഇപ്പോൾ വിവരിച്ച മേൽനോട്ടം വഹിക്കുക, ബലപ്രയോഗം നടത്തുക എന്നതുമായ ഈ നാല് കാര്യങ്ങളില്ലാതെ ഇസ്‌ലാഹ് നടത്താൻ കഴിയില്ല.

നാം കൂലങ്കശമായി ചിന്തിക്കുമ്പോൾ ലോകത്ത് വിവിധ തരം ആളുകളുണ്ടെന്ന് മനസ്സിലാകുന്നതാണ്. ഒരു വിഭാഗം ഈമാനിക ശക്തി ഇല്ലാത്തവരായിരിക്കും. കർമ്മ സംസ്കരണത്തിനായി വേണ്ടത്ര വിശ്വാസദാർഢ്യം അവരിൽ ഉണ്ടാകില്ല. അങ്ങനെ യുള്ളവരുടെ ഹൃദയത്തിൽ വിശ്വാസശക്തി നിറച്ചു കൊടുത്താൽ അവരുടെ പ്രവർത്തനം ശരിയായിത്തീരുന്നതാണ്. മറ്റൊരു വിഭാഗം അറിവില്ലാത്തതു കാരണം തിന്മയിൽ അകപ്പെടുന്ന വരാണ്. അതിന് അവർക്ക് ശരിയായ അറിവ് നൽകേണ്ടതാണ്. ഒരു വിഭാഗം സൽപ്രവൃത്തികൾ ചെയ്യാൻ മറ്റുള്ളവരുടെ സഹായം ആവശ്യമായിട്ടുള്ളവരാണ്. ഈ രീതിയിലുള്ള ആളുകളെ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇവരെ രണ്ട് രീതിയിൽ പുറമേ നിന്ന് നമുക്ക് സഹായിക്കാൻ സാധിക്കുന്ന താണ്. ഒന്ന് അവരെ മേൽനോട്ടം വഹിച്ചുകൊണ്ട്. അതിന്റെ വിശദീകരണം ഞാൻ നൽകിക്കഴിഞ്ഞതാണ്. നാം നിരീക്ഷണ ത്തിൽ വെക്കുകയാണെങ്കിൽ അവർ തിന്മകൾ ഉപേക്ഷിക്കുന്ന താണ്. നന്മ ചെയ്യാനവർക്ക് പ്രേരണ ഉണ്ടാകുകയും ചെയ്യും. എന്നാൽ പൂർണമായും അധഃപതിച്ച സമൂഹമാണെങ്കിൽ, നിരീക്ഷണം കൊണ്ടും കാര്യമില്ലെങ്കിൽ അവർക്ക് ശിക്ഷ നൽകുന്നില്ലെങ്കിൽ അവരുടെ ഇസ്‌ലാഹ് സാധ്യമല്ല. അതിനാൽ ഈ നാല് മാർഗങ്ങളും ജമാഅത്തിന്റെ ഇസ്‌ലാഹിനു വേണ്ടി ഉപയോഗിക്കേണ്ടത് അനിവാര്യമാണ്. ഓരോരുത്തർക്കും അവരുടെ രോഗമനുസരിച്ച് ചികിത്സ നൽകേണ്ടതാണ്.

മതത്തിന്റെ പക്കൽ അധികാരമോ വാളോ ഇല്ലാത്ത കാലത്ത് ഈ നാല് രീതിയിലുള്ള പ്രവർത്തനവും അനിവാര്യമായി വരുന്നതാണ്. കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ ആദ്യ ചികിത്സ എന്ന നിലയിൽ തർബിയത്ത് ചെയ്ത് ഈമാനിനെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനായി ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ അടയാളങ്ങൾ, വഹ്യുകൾ, അല്ലാഹുമായുള്ള അദ്ദേഹത്തിന്റെ ബന്ധം, അദ്ദേഹം മുഖേന അദ്ദേഹത്തിൽ വിശ്വസിച്ചവരിൽ ഉണ്ടായ ആത്മീയ വിപ്ലവം എന്നിവയെ കുറിച്ച് പരാമർശിക്കുക. അല്ലാഹുവിന്റെ സാമീപ്യം കൊണ്ട് എന്തെല്ലാമാണ് നേട്ടമുള്ളതെന്ന് അവരോട് പറയുക. കഴിഞ്ഞ ഖുത്ബയിലും ഞാൻ ഒരു കാര്യം പറഞ്ഞിരുന്നു. ശൈത്വാൻ ശക്തമായി തന്റെ അക്രമണം അഴിച്ചു വിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്താണ് ഈ കാര്യങ്ങൾ വളരെ കൂടുതലായി പറഞ്ഞുകൊടുക്കേണ്ടത്. ഈ കാര്യങ്ങൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള സ്നേഹം മനുഷ്യന് എങ്ങനെ നേടിയെടുക്കാൻ സാധിക്കും എന്ന് പറഞ്ഞുകൊടുക്കണം. അല്ലാഹുവിന്റെ സ്നേഹം ആർക്കെങ്കിലും ലഭിച്ചു കഴിഞ്ഞാൽ അല്ലാഹു അവരോട് എന്തുമാത്രം അതിശയകരമായ രീതിയിലാണ് പെരുമാറുന്നത്. ഇതിനെകുറിച്ച് ഹ: മസീഹ് മൗഊദ് عليه السلام നമുക്ക് എന്താണ് പറഞ്ഞു തന്നത്. ആഫ്രിക്കക്കാരിൽ നിന്നും അറബികളിൽ നിന്നും കൂടുതലായും വരുന്ന നവ അഹ്മദികൾ തങ്ങളുടെ സംഭവങ്ങൾ എഴുതി അറിയിക്കുന്നു. ഹ: മസീഹ് മൗഊദ് عليه السلام ന്റെ പുസ്തകങ്ങൾ വായിച്ച് അവരിൽ മാറ്റങ്ങളുണ്ടായ കാര്യങ്ങൾ അവർ പറയുന്നു, അവരുടെ വിശ്വാസത്തിൽ വർദ്ധനവുണ്ടായി എന്ന് പറയുന്നു. പുസ്തകങ്ങൾ വായിച്ചുകൊണ്ട് അവരിലുണ്ടായ തെറ്റായ വിശ്വാസാദർശങ്ങൾ ശരിയാകുകയുണ്ടായി. അവരുടെ വിശ്വാസാദർശത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് വിശ്വാസത്തിന്റെ പുതിയ മാർഗങ്ങൾ അവർക്ക് കാണാൻ സാധിച്ചു. എന്നാൽ ഈമാനിലുള്ള ദൃഢത കൈവരുന്നത് ഹ: മസീഹ് മൗഊദ് عليه السلام ന്റെ അടയാളങ്ങൾ കണ്ടുകൊണ്ടും ആ മഹാത്മാവിന്റെ വഹ്യിന്റെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നത് കൊണ്ടും അദ്ദേഹത്തിനുണ്ടായ അല്ലാഹുവുമായുള്ള ബന്ധം കാരണവുമായാണ്. അല്ലാഹു അവർക്ക് ചില അടയാളങ്ങൾ കാണിച്ചു കൊടുത്ത് കൊണ്ട് തന്റെ സാമീപ്യത്തിന്റെ കാഴ്ച്ച അവർക്ക് കാണിച്ചു കൊടുത്തു.

നമ്മുടെ ഹൃദയത്തിലും വിശ്വാസത്തിന്റെ കിരണങ്ങൾ പ്രശോഭിതമാക്കുന്ന, ഹ: മസീഹ് മൗഊദ് عليه السلام ന്റെ അടയാളങ്ങൾ, വഹ്യുകൾ, ഇൽഹാമുകൾ, അല്ലാഹുമായുള്ള ബന്ധത്തിന്റെ പ്രധാന്യം ഇവ വിവരിച്ചു കൊണ്ട് ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه തന്റെ ശൈലിയിൽ ഇപ്രകാരം പറയുന്നു: "ഹ: ഈസാ عليه السلام ആകാശത്ത് ജീവനോട് ഇരുന്നുകൊള്ളട്ടെ. അദ്ദേഹം ആകാശത്ത് ജീവനോടെ ഇരിക്കുക എന്നത് നമ്മുടെ ഹൃദയത്തിൽ അല്ലാഹു മരിക്കുന്നതിനേക്കാളും വലിയ നഷ്ടമൊന്നും വരുത്തിവെക്കുകയില്ല. അതുകൊണ്ട് നിങ്ങൾ ഈസാ നബിയുടെ മരണത്തിൽ കൂടുതൽ ഊന്നൽ നൽകുകയും അതോടൊപ്പം ജനമനസ്സുകളിൽ അല്ലാഹുവിനെ മരിപ്പിക്കുകയും ചെയ്തതു കൊണ്ട് എന്ത് നേട്ടമാണുള്ളത്. അവനെ ജീവിപ്പിക്കാൻ നിങ്ങൾ ശ്രമിക്കുന്നില്ല. അല്ലാഹു എന്നെന്നും ജീവിച്ചിരിക്കുന്നവനും എന്നെന്നും നിലനിൽക്കുന്നവനുമാണ്. എന്നാൽ ചില മനുഷ്യർക്ക് അവൻ മരിച്ചവനായിത്തീരുന്നു."

ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنه വിൽ നിന്ന് ഒരു സംഭവം വിവരിക്കുന്നു. 'ഇന്ത്യയിലെ ഭോപാൽ നിവാസിയായ അദ്ദേഹത്തിന്റെ ഒരു ഗുരുനാഥൻ ഒരിക്കൽ ഇപ്രകാരം സ്വപ്നം കാണുകയുണ്ടായി. ഭോപാലിനു പുറത്ത് ഒരു പാലമുണ്ട്. അവിടെ കുഷ്ഠരോഗിയായ ഒരാൾ കിടക്കുന്നുണ്ട്. അയാൾ അന്ധനും കൂടിയാണ്. മൂക്ക് ഛേദിക്കപ്പെട്ടിട്ടുണ്ട്. വിരലുകൾ ജീർണിച്ചിരിക്കുന്നു. ശരീരം മൊത്തം പുഴുത്തിരിക്കുന്നു. ഈച്ചകൾ അയാൾക്ക് ചുറ്റുമുണ്ട്. ഗുരുനാഥൻ പറയുന്നു: "അയാളെ കണ്ടപ്പോൾ എനിക്ക് വളരെ വെറുപ്പ് തോന്നി. ഞാൻ ചോദിച്ചു: "ബാബാ! നീ ആരാണ്?" അയാൾ പറഞ്ഞു: "ഞാൻ ദൈവമാകുന്നു." ഈ മറുപടി കേട്ടപ്പോൾ ഞാൻ പേടിച്ചു വിറച്ചു. ഞാൻ ചോദിച്ചു: "നീ ദൈവമാണെന്നോ? ഇതു വരെയുള്ള പ്രവാചകന്മാരെല്ലാം ലോകത്തോട് പറഞ്ഞത് ദൈവം വളരെ സൗന്ദര്യമുള്ളവനാണ്, അവനെക്കാളും സൗന്ദര്യമുള്ള ആരും ഇല്ല എന്നാണ്. അല്ലാഹുവിനേ സ്നേഹിക്കുന്ന ഞങ്ങൾ ഈ രൂപത്തേയാണോ സ്നേഹിക്കേണ്ടത്?" അയാൾ പറഞ്ഞു: "പ്രവാചകന്മാർ പറഞ്ഞതെല്ലാം ശരിതന്നെയാണ്. ഞാൻ അവർ പറഞ്ഞ ശരിക്കുമുള്ള ദൈവല്ല. ഞാൻ ഭോപാലിലുള്ളവരുടെ ദൈവമാണ്. അഥവാ ഭോപാലിലുള്ളവരുടെ ദൃഷ്ടിയിൽ ഞാൻ ഇവ്വിധമാണ്. ജന മനസ്സുകളിൽ അല്ലാഹുവിന് ഒരു പ്രാധാന്യവുമില്ല."

അല്ലാഹു ഒരിക്കലും മരിക്കുന്നില്ല. എന്നാൽ ഏതെങ്കിലും മനുഷ്യൻ അവനെ മറക്കുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ അവൻ മരിച്ചവനായിത്തീരുന്നു. യുവാക്കൾക്ക് ഒരു കാര്യം പറഞ്ഞുതരാൻ ആഗ്രഹിക്കുന്നു, ജനങ്ങൾ അങ്ങനെ ആയതുകൊണ്ട് അല്ലാഹു ഈ രൂപം സ്വീകരിച്ചു എന്ന് ധരിക്കരുത്. അങ്ങനെ പ്രശ്നമെല്ലാം അവസാനിച്ചു എന്ന് ധരിക്കരുത്. യഥാർത്ഥത്തിൽ അല്ലാഹുവിനെ ഉപേക്ഷിച്ചവരുടെ രൂപമാണ് ഈ കാണിച്ചത്. കണ്ണാടിയിൽ നമുക്ക് നമ്മുടെ രൂപം കാണാൻ സാധിക്കുന്നതുപോലെ അവരുടെ യഥാർത്ഥ ചിത്രമാണ് ഈ ദർപണത്തിലൂടെ അദ്ദേഹം കണ്ടത്. അവർ ആത്മീയമായി കുഷ്ഠരോഗം പിടിപ്പെട്ടവരായിത്തീർന്നു. അങ്ങനെയുള്ളവർ അവരുടെ നാശത്തിൽ ചെന്നെത്തുന്നതാണ്. نَعُوذُ بِاللهِ അല്ലാഹു മരിച്ചുകൊണ്ട് അവരിൽ നിന്നും അകന്നു പോയിട്ടില്ല. അല്ലാഹുവിനെ അങ്ങനെ മനസ്സിലാക്കുന്നവർക്ക് അവൻ ഈ ലോകത്ത് വെച്ചു തന്നെ ശിക്ഷ നൽകാറുണ്ട്. അല്ലാഹു ഒരു ഭാഗത്തേക്ക് മാറി ഇരിക്കുന്നില്ല. അങ്ങിനെയുള്ളവർക്ക് ഈ ലോകത്ത് വെച്ചു തന്നെ ശിക്ഷ നൽകുന്നു. അല്ലാഹു അങ്ങനെയുള്ളവരുടെ പര്യവസാനത്തെ കുറിച്ച് പറഞ്ഞത് അവർ നരകത്തിൽ പതിക്കും എന്നാണ്.

അല്ലാഹുവിനെ ഉപേക്ഷിച്ചതുകൊണ്ടും അവന് ശക്തിയില്ലെന്ന് കരുതിയതുകൊണ്ടും ഒന്നും സംഭവിക്കില്ലെന്ന് ആരും തെറ്റിധരിക്കരുത്. അല്ലാഹു പ്രതികാരം ചെയ്യുന്നവനാണ്. ശിക്ഷ നൽകുന്നവനുമാണ്. അവന്റെ കോപം വർദ്ധിക്കുമ്പോൾ ആർക്കും അവന്റെ കോപത്തിനു മുമ്പിൽ നിൽക്കാൻ കഴിയില്ല. അതുകൊണ്ട് ദൈവത്തെ മറന്നതുകൊണ്ട് പ്രശ്നമൊന്നുമില്ലെന്ന് ധരിക്കരുത്.

ഹ : മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: "നമ്മുടെ ഉലമാക്കൾ ഹ: ഈസയെ മരിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ അല്ലാഹുവിനെ ജീവിപ്പിക്കാൻ ശ്രമിക്കുന്നില്ല. അല്ലാഹുവിനെ തിരിച്ചറിയാനുള്ള ജ്ഞാനം അവർ ഉണ്ടാക്കുന്നില്ല. അല്ലാഹുവിനെ ജീവിപ്പിക്കുന്നതിലും അവനുമായി ബന്ധം സ്ഥാപിക്കുന്നതിലുമാണ് കൂടുതലായും നമ്മുടെ പരിശ്രമം വിനിയോഗിക്കേണ്ടത്. അല്ലാഹുവുമായി നമുക്ക് സജീവ ബന്ധമുണ്ടെങ്കിൽ ഈസാനബി ജീവിപ്പിച്ചിരിപ്പുണ്ടെന്ന് കരുതുന്നവർ എത്ര ഒച്ചവെച്ചാലും നമ്മുടെ

ഈമാനിന് ഒരിക്കലും ക്ഷതം സംഭവിക്കുകയില്ല. കാരണം അല്ലാഹു ഓരോ നിമിഷവും നമ്മെ സംരക്ഷിക്കുന്നതാണ്.''

ഈസാ നബിയുടെ മരണം, ഖത്തമുന്നുബുവ്വത്ത്, ഇതേപോലുള്ള നമ്മുടെ വിശ്വാസാദർശവുമായി ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ച് അറിവുണ്ടാകുക എന്നതും, തെളിവുകളുടെ അടിസ്ഥാനത്തിൽ അതിൽ നിലയുറപ്പിക്കേണ്ടതും നിർബന്ധം തന്നെയാണ്. എന്നാൽ കർമ്മ സംസ്കരണത്തിനായി നമുക്ക് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്ത് ഹ: മസീഹ് മൗഊദ് عليه السلام നമുക്ക് കാണിച്ചുതന്ന മാർഗങ്ങൾ നമുക്ക് അവലംബിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വാക്കിലും പ്രവർത്തിയിലുമുള്ള അന്തരത്തെ ഇല്ലാതാക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവരെ ഉപദേശിക്കുമ്പോൾ അതനുസരിച്ച് നാം പ്രവർത്തിക്കുന്നുണ്ടോ എന്ന് നാം നോക്കണം.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുബല്ലിഗ്മാരേയും മുറബ്ബിമാരേയും തയ്യാറാക്കുന്ന ലോകത്തുള്ള നമ്മുടെ ജാമിഅകളിൽ മുബല്ലിഗ് മുറബ്ബിമാരായിത്തീരാൻ കൂടുതൽ യുവാക്കൾ പ്രവേശനം നേടിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് പാക്കിസ്ഥാനിൽ വളരെ കൂടുതൽ കുട്ടികൾ ജാമിഅയിൽ വരുന്നുണ്ട്. അതിൽ കൂടുതലും വഖ്ഫെ നൗ കുട്ടികളാണ്. ചിലപ്പോൾ എണ്ണം കൂടുമ്പോൾ അതിന്റെ ഗുണനിലവാരത്തെ താഴ്ത്തിക്കളയാറുണ്ട്. ആത്മീയ ഉന്നതി കരസ്ഥമാക്കുന്നതിനുള്ള പരിശ്രമം ഇല്ലാത്തതു കൊണ്ടും ചില ദുശ്ശീലങ്ങൾ കാരണമായും, മുറബ്ബിമാരുടെയും മുബല്ലിഗ്മാരുടെയും സ്ഥാനമാനം എത്ര ഉന്നതമായിരിക്കണം എന്നതിനെക്കുറിച്ച് ശരിയായ അറിവ് ഇല്ലാത്തതു കാരണമായും, ചില പ്രവർത്തികൾ കാരണമായും, അങ്ങനെയുള്ള കുട്ടികളെ ജാമിഅയിൽ നിന്നും പുറത്താക്കേണ്ടി വരുന്നു.

إن شاء الله അഹ്മദിയ്യത്തിന്റെ വിജയത്തിന്റെ നാളുകളാണ് വരാൻ പോകുന്നത്. ഇതിനുള്ള തയ്യാറെടുപ്പിന് വേണ്ടി മുറബ്ബിമാരാകുന്നവരും തങ്ങളെ തയ്യാറാക്കേണ്ടതാണ്. അവരെ ഏൽപ്പിക്കാൻ പോകുന്നത് നിസ്സാര ജോലിയല്ല. ഇപ്പോഴെ അല്ലാഹുവുമായി ഒരു ബന്ധം സ്ഥാപിക്കുക. അതിന് മുമ്പത്തേക്കാളുപരി പരിശ്രമിക്കുക. ഹ: മസീഹ് മൗഊദ് عليه السلام നമുക്ക് കാണിച്ചു തന്ന അടയാളങ്ങൾ, അദ്ദേഹം വ്യക്തമാക്കിത്തന്ന ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ, അവയെല്ലാം മുമ്പിൽ വെക്കുക. പ്രശ്നങ്ങൾ പഠിക്കുന്നതിൽ മാത്രം തങ്ങളെ പരിമിതപ്പെടുത്താതിരിക്കുക.

ഖാദിയാനിൽ നിന്നും ഒരു പണ്ഡിതൻ എനിക്ക് എഴുതുകയുണ്ടായി. "മുമ്പ് എതിരാളികൾക്ക് മറുപടി പറയുന്ന പൊതുയോഗങ്ങൾ നടക്കാറുള്ളതു പോലെ ഇന്ത്യയിൽ ഇപ്പോൾ നടക്കുന്നില്ല. ആ യോഗങ്ങളിൽ ഞങ്ങൾ എതിരാളികൾക്ക് വായ അടപ്പൻ മറുപടി നൽകാറുണ്ടായിരുന്നു. അത് അവരെ ഒതുക്കിക്കളഞ്ഞിരുന്നു.'' ഈ പ്രവർത്തനം ശരിയാണ്. അങ്ങനെ ചെയ്യാറുണ്ടായിരുന്നു. എതിരാളികൾക്ക് മറുപടി നൽകേണ്ടതാണ്. അവർ പറയുന്ന കാര്യങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അവർക്കെതിരിൽ തിരിച്ചു വിടേണ്ടതാണ്. എന്നാൽ ഇതിനേക്കാളും പ്രാധാന്യമുള്ള മറ്റൊരു കാര്യം നമ്മുടെ മുഅല്ലിമീങ്ങളും മുബല്ലിഗ്മാരും മുറബ്ബിമാരും ഹ: മസീഹ് മൗഊദ് عليه السلام ന്റെ ആഗമന ലക്ഷ്യവും മനസ്സിലാക്കി കൊണ്ട് തങ്ങളുടെ ആത്മീയ അവസ്ഥയിലും ഉന്നതി പ്രാപിച്ചു കൊണ്ട് ഓരോരുത്തരുടെയും വ്യക്തിത്വം ഒരു അടയാളമായിത്തീരാൻ പരിശ്രമിക്കുകയും അതായിത്തീരുകയും ചെയ്യുക. *ഈ മാതൃക കണ്ട് ജനങ്ങൾ ജമാഅത്തിൽ പ്രവേശിക്കുമാറാകട്ടെ.*

ചിലർ മാതൃക കണ്ട് പ്രവേശിക്കുന്നു. എന്നാൽ ഇവിടെ എനിക്ക് ദുഃഖത്തോടെ പറയേണ്ടതായി വരുന്നത് ഈ സ്ഥാനം ഇതുവരെ ലഭ്യമായിട്ടില്ല എന്നതാണ്. അതുകൊണ്ട് ഇന്ത്യയിൽ കുറേ മുഅല്ലിംകളെ പിരിച്ചു വിടേണ്ടതായി വന്നു. ചിലരെ ഭൗതികത കീഴ്പ്പെടുത്തിയതായി തോന്നിപ്പോകും.

അതിനാൽ ഈ കത്തെഴുതിയ വ്യക്തിയും നാം ഓരോരുത്തരും ഒരാത്മപരിശോധന നടത്തുക. അവരുടെ ഉത്തരവാദിത്വമെന്താണെന്ന് മനസ്സിലാക്കുക. മുഅല്ലിമുമാരും മുബല്ലിഗ്മാരും ഹൃദയങ്ങളിൽ വിശ്വാസം വർദ്ധിപ്പിക്കുന്നതിനായി എന്തുമാത്രം പരിശ്രമം നടത്തിയിട്ടുണ്ടെന്ന് നോക്കുക. വരണ്ട തെളിവുകൾ മുഖേന ജനഹൃദയങ്ങളെ കീഴ്പ്പെടുത്തുന്നതിലും, അനഹ്മദി മൗലവിമാരെ ഓടിപ്പിക്കുന്നതിലും മാത്രം നമുക്ക് സന്തോഷം കണ്ടെത്തിയാൻ പോരാ. നമ്മുടെ പക്കലുള്ള അല്ലാഹുവിന്റെ സജീവമായ മുഅ്ജിസത്തുകളും അടയാളങ്ങളും മുഖേന ലോകത്തിന് ജീവനുള്ള അല്ലാഹുവിന്റെ അസ്തിത്വത്തെ കാണിച്ചു കൊടുക്കുക. ഹ: മസീഹ് മൗഊദ് عليه السلام ന്റെ കൂടെയുള്ള അല്ലാഹുവിന്റെ പ്രവർത്തനം മുഖേന ജന ഹൃദയങ്ങളെ അംഗീകരിപ്പിക്കുക.

ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه ഒരു ഉദാഹരണം ഇപ്രകാരം നൽകുന്നു. സൂര്യൻ ഉദിച്ചതിനു ശേഷം ഒരാൾ സൂര്യൻ ഉദിച്ചിട്ടുണ്ടെന്നതിന് തെളിവു ചോദിക്കുകയും അതിന് മറുപടിയായി ഇത്ര മണിക്കാണ് സൂര്യൻ ഉദിക്കേണ്ടതെന്നും സയൻസ് ഇതാണ് പറയുന്നതെന്നും ഇന്നയാൾ ഇതാണ് പറഞ്ഞതെന്നുള്ള തെളിവുകളെല്ലാം നിരത്തുകയാണെങ്കിൽ ആ തെളിവ് നൽകുന്നവൻ വിഡ്ഢിയായിരിക്കും. കാരണം അവന് ഇങ്ങനെ തെളിവുകൾ നിരത്തേണ്ട ആവശ്യമില്ല. മറിച്ച് സൂര്യൻ ഉദിച്ചതിന് തെളിവ് ചോദിക്കുന്ന വ്യക്തിയുടെ താടിക്ക് താഴെ കൈ വെച്ചുകൊണ്ട് താടിപൊക്കി പിടിച്ച് പറയുക: ''മുകളിലേക്ക് നോക്ക് അതാ അവിടെ സൂര്യൻ.'' മറ്റു തെളിവുകൾ വിളമ്പേണ്ട ആവശ്യം ഇവിടെ ഇല്ല. നിങ്ങളുടെ വിഡ്ഢിത്തപരമായ ചോദ്യത്തിന് ഇപ്പോഴുള്ള മറുപടി  സൂര്യന്റെ അസ്തിത്വം തന്നെയാണ് എന്ന് പറയുക.

ഇപ്പോൾ അല്ലാഹുവും നമ്മുടെ മുമ്പിൽ പ്രകടമാണ്. അവൻ ഇപ്പോൾ പ്രകടമാക്കിക്കൊണ്ട് തന്റെ എല്ലാ സിഫത്തുകളും മുഖേന ലോകത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഹ: മസീഹ് മൗഊദ് عليه السلام മുഖേന അവൻ തന്റെ എല്ലാ സൗന്ദര്യങ്ങളും മുഖേന പ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു.

അതിനാൽ ഉപദേശകന്മാർ ചെയ്യേണ്ടത്, സൂര്യൻ ഉദിച്ചു എന്നതിന് തെളിവുകൾ നിരത്തി വിഡ്ഢികളാകുന്നതിന് പകരം ഹ: മസീഹ് മൗഊദ് عليه السلام മുഖേന പ്രകടമായിക്കൊണ്ടിരിക്കുന്ന പുതിയ അടയാളങ്ങൾ മുഖേന അല്ലാഹു നമ്മോടൊപ്പമുണ്ടെന്ന അവന്റെ പ്രവർത്തന സാക്ഷ്യം മുഖേന ഈ സത്യം തെളിച്ചു കാട്ടുക. ഇതിനെല്ലാം നമ്മുടെ അവസ്ഥ അല്ലാഹുവിന്റെ പ്രീതിക്കനുഗുണമാക്കി മാറ്റേണ്ടതാണ്. ജമാഅത്തിന്റെ പ്രവർത്തന ശക്തി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ജമാഅത്തിലെ കുട്ടികളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും മുമ്പാകെ ഈ കാര്യങ്ങൾ അടിക്കടി സമർപ്പിച്ചുകൊണ്ടിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുഖേന ഏതുരീതിയിൽ അല്ലാഹുവിന്റെ പ്രഭാവം പ്രകടമായി എന്നും, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗങ്ങൾ ഏതെല്ലാം ആണെന്ന് എന്നും, അല്ലാഹുവിന്റെ സ്നേഹം ഏതുരീതിയിലാണ് ലഭിക്കുക എന്നും അവരോട് പറയുക. അതു ലഭിച്ചു കഴിഞ്ഞാൽ ഭൗതിക കാര്യങ്ങ

ളിൽ അനുകരണ ശീലമുള്ള യുവാക്കൾ അല്ലാഹുവിലേക്ക് കുമ്പിടുന്നവരായി മാറുന്നതാണ്. അതിനുശേഷം കുറച്ച് മുറബ്ബിമാരും പണ്ഡിതന്മാരും മാത്രമായിരിക്കില്ല അനഹ്മദികളെ പമ്പകടത്തുന്നവർ. മറിച്ച് നമ്മുടെ യുവാക്കളും സ്ത്രീ പുരുഷന്മാരും കുട്ടികളും സ്ഥാപിച്ചുകാണിക്കുന്ന മാതൃകകൾ ലോകത്തെ നമ്മിലേക്ക് ആകർഷിക്കുന്നതാക്കി മാറ്റുന്നതാണ്.

അതിനാൽ ഏറ്റവും ആദ്യം നാം നമ്മുടെ കർമ്മ സംസ്കരണത്തിലേക്ക് ശ്രദ്ധിക്കുകയാണ് ചെയ്യേണ്ടത്. തങ്ങളെ ഹ : മസീഹ് മൗഊദ് عَلَيْهِ السَّلَام മുമായും ഖിലാഫത്തുമായും നമ്മെ ബന്ധിപ്പിക്കുക. ഇതാണ് ജമാഅത്തിന്റെ ശക്തിക്കും, ആത്മീയ വളർച്ചക്കും കാരണമായിത്തീരുന്നത്. ഖിലാഫത്തിനെ തിരിച്ചറിയലും അതിനെക്കുറിച്ചുള്ള ശരിയായ അറിവും ജമാഅത്തിലും ഉണ്ടായിത്തീരേണ്ടതാണ്. അങ്ങനെ കാലത്തിന്റെ ഖലീഫയുടെ എല്ലാ തീരുമാനങ്ങളും സസന്തോഷം സ്വീകരിക്കുന്നവരായി അവർ മാറണം. ഹൃദയത്തിൽ അത് സ്വീകരിക്കാൻ ഒരു തടസ്സവും ഉണ്ടാകരുത്. ഏതുകാര്യം കേട്ടാലും ഒരു വിധ സങ്കോചവും പാടില്ല.

ഖിലാഫത്തിനെ കുറിച്ചുള്ള ശരിയായ അറിവും ആത്മജ്ഞാനവും ഉണ്ടാക്കുക എന്നതും മുറബ്ബിമാരുടെ സുപ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. അതേപോലെ ഭാരവാഹികളുടെയും പ്രവർത്തിയാണ്. അവരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ചില വിമർശനങ്ങൾ ശ്രദ്ധയിൽ പെടാറുണ്ട്. ചിലർ പറയുന്നു: ''ഖലീഫ ഇന്ന തെറ്റായ പ്രവൃത്തി ചെയ്തു. തെറ്റായ തീരുമാനമെടുത്തു. തീരുമാനം ഇങ്ങനെയാണ് ആകേണ്ടിയിരുന്നത്. ഖസായുടെ തീരുമാനത്തേയും ചിലർ വിമർശിക്കുന്നു. ഇന്ന വ്യക്തിയെ ഇന്ന കാര്യത്തിന് എന്തിനാണ് നിയമിച്ചത്? ഇന്ന വ്യക്തിയല്ലെ ആകേണ്ടത്? ഇന്ന ഇന്ന വ്യക്തിയെ കുറിച്ച് ഖലീഫക്ക് നല്ല അറിവാണ്. ഇന്ന വ്യക്തിയെ കുറിച്ച് അറിവുണ്ടായിട്ടും പരിഗണിക്കുന്നില്ല.'' ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നവർ കുറച്ചുപേരായിരിക്കും ഉണ്ടാകുക. എന്നാലും അവർ സമൂഹാന്തരീക്ഷം ദുശിപ്പിക്കുന്നു. മുറബ്ബിമാരും ഭാരവാഹികളും എല്ലാ തരത്തിലുള്ള ഭാരവാഹികളും (ഇക്കാര്യം ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതാണ് ജമാഅത്തിലേയും കീഴ്ഘടകങ്ങളുടേയും ഭാരവാഹികൾ) തങ്ങളുടെ ഉത്തരവാദിത്വത്തെ കുറിച്ച് മനസ്സിലാക്കിയാൽ ചില ഹൃദയങ്ങളിൽ സംശയം വരുന്നതിനെ ദൂരീകരിക്കാൻ സാധിക്കുന്നതാണ്. മുറബ്ബിമാരുടെ പ്രത്യേക പ്രവർത്തി തന്നെ ഇതാണ്. അവരോട് പറയുക. എല്ലാ അനുഗ്രഹങ്ങളും നിസാമുമായി ബന്ധപ്പെട്ടു നിന്നാലാണ് ലഭിക്കുക. അല്ലാഹു ഏതെങ്കിലും സമൂഹത്തിൽ ശാപം ചൊരിയാൻ ആഗ്രഹിച്ചാൽ നിസാമിനെ (സംവിധാനത്തെ) എടുത്ത് കളയുന്നു. ഈ കാര്യങ്ങൾ എല്ലാവർക്കും മനസ്സിലായാൽ അബദ്ധം പിണയുന്നവർ അതിൽ നിന്നും മോചിതരാകുന്നതാണ്. ഇങ്ങനെ വിമർശിക്കുന്നവർ അല്പമാണെങ്കിലും എപ്പോഴും ഉണ്ടാകും. അവർ തങ്ങളെ ബുദ്ധി കേന്ദ്രമായി മനസ്സിലാക്കുന്നു. അങ്ങുമിങ്ങും ഇരുന്ന് അവർ പിറുപിറുക്കാൻ തുടങ്ങും. ഖലീഫ ദൈവമൊന്നുമല്ലല്ലോ? സാധാരണക്കാരന് തെറ്റുപറ്റുന്നതു പോലെ അദ്ദേഹത്തിന് തെറ്റു പറ്റിക്കൂടെ?

ശരിയാണെങ്കിലും ഹ: മുസ്ലിഹ് മൗഊദ് ഇതിന് ഉചിതമായ ഒരു മറുപടി നൽകിയിട്ടുണ്ട്. ഖിലാഫത്ത് സത്യമാണെങ്കിൽ ഹ: ഖലീഫത്തുൽ മസീഹ് സാനി നൽകിയ ഈ മറുപടി എല്ലാ കാലത്തേക്കുമുള്ളതാണ്. ഖിലാഫത്ത് എന്നത് അല്ലാഹു നൽകിയിരിക്കുന്ന ഒരു വരദാനമാണെന്ന വിശ്വാസമുണ്ടെങ്കിൽ ഈ മറുപടി സത്യമായി പുലരും. പറയുന്നു: ''അല്ലാഹു പറയുന്നു; ഖലീഫമാർ തീരുമാനമെടുക്കുന്ന കാര്യത്തെ നാം നടപ്പിൽ വരുത്തുക തന്നെ ചെയ്യുന്നതാണ്. അവൻ പറയുന്നു;

وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ

''ഖലീഫമാർ ലോകത്ത് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ദീനും തത്വങ്ങളും അത് നാം ലോകത്ത് സ്ഥാപിക്കുക തന്നെ ചെയ്യുമെന്ന് എന്റെ അസ്തിത്വത്തിൽ സത്യം ചെയ്ത്കൊണ്ട് ഞാൻ പറയുന്നു.

അതിനാൽ ഈ കാര്യങ്ങൾ ജമാഅത്തിലെ എല്ലാവർക്കും ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതാണ്. പണ്ഡിതർ ഇക്കാര്യം എല്ലാവരുടെ ഹൃദയത്തിലും ഊട്ടി ഉറപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ഉത്തരവാദിത്വം മനസ്സിലാക്കുക. ഹദ്റത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ ബർകത്തുകളും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളും ലോകരുടെ മുമ്പാകെ പ്രകടമാക്കേണ്ടതാണെന്ന് മനസ്സിലാക്കുക. അല്ലാഹുവിന്റെ ജീവനുള്ള അടയാളങ്ങളെ കുറിച്ച് ആവർത്തിച്ച് പറയേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗങ്ങൾ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്. നിസാമിനെ അംഗീകരിക്കുകയും വേണ്ടതാണ്. ഇതു നടന്നാൽ ഹൃദയത്തിലെ സംശയങ്ങൾ ദൂരീകരിക്കപ്പെടുന്നതാണ്. ഇങ്ങനെ നാം ചെയ്യുമ്പോൾ സംശയങ്ങൾ ദൂരീകരിക്കപ്പെട്ടവരുടെ എണ്ണം വർദ്ധിക്കുന്നതും ഓരോ ഫിത്നയും സ്വയം നശിക്കുന്നതുമായിരിക്കും. ജമാഅത്തിൽ എല്ലാ തലത്തിലും കർമ്മസംസ്കരണം കാണാൻ സാധിക്കുന്നതാണ്.

ഹ: മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ വരവിന്റെ വലിയ ഉദ്ദേശ്യവും ഇതാണ്. ഓർക്കുക! നമുക്ക് ഖത്ത്മെ നുബുവ്വത്ത്, ഈസാ നബിയുടെ മരണം എന്നീ കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ഇത് എതിരാളികൾക്ക് മറുപടി പറയാൻ വേണ്ടിയാണ്. കർമ്മവും ദൈവിക ജ്ഞാനവും ജമാഅത്തിനകത്ത് ഉണ്ടാക്കിയെടുക്കാൻ കഠിന പ്രയത്നം അനിവാര്യമാണ്. അതിനാൽ പുറമെയുള്ള പ്രവർത്തനത്തിനായി എന്തുമാത്രം ശക്തിയാണോ നാം ചെലുത്തുന്നത്. അതുപോലുള്ള ശക്തി, മറിച്ച് അതിനേക്കാളും കൂടുതൽ ശക്തി അകത്തുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. മുമ്പു പറഞ്ഞ തബ്ലീഗിനേക്കാളും കൂടുതൽ നമ്മുടെ ആത്മീയ വിശുദ്ധിയും കർമ്മ സംസ്കരണവും إِنْ شَاءَ اللّٰه കൂടുതൽ വിപ്ലവം കൊണ്ടുവരാൻ കാരണമായിത്തീരുന്നതാണ്. ഹദ്റത് മുസ്ലിഹ് മൗഊദ് رَضِيَ اللّٰهُ عَنْهُ ന്റെ ഈ നിർദ്ദേശം വളരെ സുപ്രധാന മർഹിക്കുന്നതാണ്. ഉലമാക്കളും മുറബ്ബിമാരും ഹൃദയത്തെ സംസ്ക്കരിക്കുകയാണെങ്കിൽ ജനഹൃദയങ്ങളിൽ ഇർഫാനും അല്ലാഹുവിനോടുള്ള സ്നേഹവും ഉണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ കോടിക്കണക്കിനാളുകൾ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതാണ്. അല്ലാഹു പറയുന്നു.

إِذَا جَاءَ نَصْرُ اللَّهِ وَالْفَتْحُ ۝ وَرَأَيْتَ النَّاسَ يَدْخُلُونَ فِي دِينِ اللَّهِ أَفْوَاجًا ۝ فَسَبِّحْ بِحَمْدِ رَبِّكَ وَاسْتَغْفِرْهُ

തബ്ലീഗ് മുഖേന നിന്റെ മതത്തിന്റെ പ്രചാരണം നീ ചെയ്യുകയാണെങ്കിൽ ഒന്നോ രണ്ടോ പേരാണ് നിങ്ങളിലേക്ക് വരിക. എന്നാൽ നിങ്ങൾ ഇസ്തിഗ്ഫാറും തസ്ബീഹും ചെയ്യുകയും തങ്ങളുടെ ജമാഅത്തിൽ നിന്നും തിന്മകൾ അകറ്റുകയും ചെയ്യുകയാണെങ്കിൽ കൂട്ടം കൂട്ടമായി ജനങ്ങൾ ഇതിൽ പ്രവേശിക്കുന്നതാണ്. നിങ്ങളിൽ പ്രവേശിക്കുന്നതാണ്.

അതിനാൽ ഞങ്ങൾ അന്യരെ പമ്പകടത്താറുണ്ടെന്ന് പറയുന്ന നമ്മുടെ പണ്ഡിതന്മാർ മനസ്സിലാക്കേണ്ടത് ഇങ്ങനെ ചെയ്തതുകൊണ്ട് വിജയം കൈവരില്ല. കർമ്മ സംസ്കരണത്തിലൂടെയാണ്

വിജയം ഉണ്ടാകുക. ഖിലാഫത്തിന്റെ നാഇബുമാരാകാൻ പരിശ്രമിക്കുക. ഖിലാഫത്തിന്റെ സഹായികളായിത്തീരുക. വർഷങ്ങളോളം തർക്ക വിതർക്കങ്ങളിൽ കഴിച്ചുകൂട്ടാൻ കഴിയില്ല. നമുക്ക് ജമാഅത്തിനെ വിജയത്തിലേക്ക് കൊണ്ടു പോകണമെന്നുണ്ടെങ്കിൽ – തീർച്ചയായും നമുക്ക് കൊണ്ടു പോകുക തന്നെവേണം- നമുക്ക് മറ്റു മാർഗങ്ങൾ അവലംബിക്കേണ്ടതായിവരും. അത് നമ്മുടെ കർമ്മപരമായ സംസ്കരണമാണ്.

അതിനാൽ നമുക്ക് നമ്മുടെ കർമ്മരംഗം ശരിയാക്കേണ്ടിയിരിക്കുന്നു. വിശ്വസ്തതയുടേയും സത്യതയുടേയും നിലവാരം ഉയർത്തേണ്ടിയിരിക്കുന്നു. അനുവദനീയമായ വരുമാന മാർഗങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അല്പം പണം ലഭിക്കാൻ കൗൺസിലിനെ വഞ്ചിച്ചുകൊണ്ട് തന്റെ സത്യത്തിന്റെ നിലവാരത്തെ കുരുതി കൊടുക്കരുത്. അങ്ങനെ ബാങ്ക് ബെനിഫിറ്റ് കരസ്ഥമാക്കരുത്. അല്പം പണം ലഭിക്കാനായി കള്ളക്കേസുകൾ കൊടുക്കരുത്. നമ്മെ ഏൽപ്പിച്ചിരിക്കുന്ന എല്ലാ ജോലികളും കഠിനാധ്വാനത്തോടും പരിശ്രമത്തോടും സസന്തോഷം വിശ്വസ്തതയൊടെ ചെയ്തു തീർക്കേണ്ടതാണ്. ഇത് ആയിക്കഴിഞ്ഞാൽ ദീനിനൊപ്പം ദുൻയാവിയായ മൈതാനവും നമുക്ക് തുറക്കപ്പെടുന്നതാണ്.

അന്യർക്ക് പൊതുവിൽ ജമാഅത്തിനെ കുറിച്ച് നല്ല അഭിപ്രായമാണുള്ളത്. എന്നാൽ നാം ഭൗതികമായ തുഛ്ച ലാഭത്തിന് വേണ്ടി നമ്മുടെ വിശ്വസ്തതയുടേയും സത്യസന്ധതയുടേയും നിലവാരത്തെ അവഗണിക്കുകയാണെങ്കിൽ ഈ പ്രവർത്തനം ചെയ്യുന്ന ഓരോരുത്തരും തന്നെ ജമാഅത്തിന് ദുശ്പേരുണ്ടാക്കുന്നവനായി തീരുന്നതാണ്.

അതിനാൽ മുറബ്ബിമാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നതോടൊപ്പം ഓരോ ജമാഅത്തംഗവും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. അവരിൽ ഒരു ആത്മ സംസ്കരണം വരുത്താൻ ശ്രമിക്കേണ്ടതാണ്. ഇതിനുള്ള ഏറ്റവും വലിയ ആയുധം ദുഃആയാണ്. അത് എപ്പോഴും നാം മുമ്പിൽ വയ്ക്കുക. ഇതിനെ ശരിയായ രീതിയിൽ ഉപയോഗിക്കാനും അതിൽ നിന്നും ശരിയാംവണ്ണം പ്രയോജനമെടുക്കുന്നതിനും വേണ്ടി അല്ലാഹു പറഞ്ഞ ഇക്കാര്യം കൂടി മുമ്പിൽ വയ്ക്കുക. ഈമാനിൽ മുന്നേറുക. സൽപ്രവർത്തികൾ ചെയ്യാൻ ഞാൻ നിങ്ങൾക്ക് നൽകിയിരിക്കുന്ന ലായെ അമലനുസരിച്ച് പ്രവർത്തിക്കുക. ഈ പ്രവർത്തനവും പ്രാർഥനയും, പ്രാർഥനയും പ്രവർത്തനവും ഒപ്പത്തിനൊപ്പം മുന്നേറുകയാണെങ്കിൽ യഥാർഥ ഇസ്ലാഹ് നടപ്പിൽ വരുന്നതാണ്. ഇത് കരസ്ഥമാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്കേവർക്കും നൽകുമാറാകട്ടെ.

അവസാനമായി മറ്റൊരു കാര്യത്തിലേക്കും ശ്രദ്ധ തിരിക്കാൻ ആഗ്രഹിക്കുന്നു. ഇക്കാലത്ത് മുസ്ലിം ലോകത്തിന്റെ അവസ്ഥ ഓരോ യഥാർത്ഥ വിശ്വാസിയെയും അസ്വസ്ഥമാക്കിയിരിക്കുകയാണ്. ഇന്ന് മുസ്ലിം ഉമ്മത്തിന് തിരുനബി ﷺ യുടെ പ്രിയ പ്രേമിയെ വിശ്വസിക്കുന്നവരുടെ ദുഃആയുടെ ആവശ്യമാണുള്ളത്. അതുകൊണ്ട് അവർക്കായി ദുഃആ ചെയ്യേണ്ടത് നമ്മുടെ കടമയാണ്. സിറിയയുടെ അവസ്ഥ വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. സർക്കാറും അക്രമം അതിരൂക്ഷമായി ചെയ്തുകൊണ്ടിരിക്കുകയാണ്. സർക്കാർ വിരുദ്ധ പാർട്ടികളും അക്രമം ചെയ്യുന്നതിൽ അതിരു കടന്നിരിക്കുകയാണ്. ഇരുഭാഗത്തു നിന്നും അക്രമം നടന്നു കൊണ്ടിരിക്കുകയാണ്. കുട്ടികളേയും സ്ത്രീകളേയും പ്രായം ചെന്നവരേയുമക്രമത്തിന് ഇരയാക്കിക്കൊണ്ടിരിക്കുകയാണ്. ആരെങ്കിലും തെറ്റു ചെയ്താലും ഇല്ലെങ്കിലും പിടിച്ചു കൊണ്ടു പോയി പട്ടിണിക്കിടുന്നു. അവരെ പീഢിപ്പിക്കുന്നു. ചിലരുടെ ഫോട്ടോകൾ കാണിക്കുകയുണ്ടായി. അതു കാണുമ്പോൾ മനുഷ്യന്റെ രോമം എഴുന്നേറ്റു നിൽക്കുന്നു. മുസ്ലിം മറ്റൊരു മുസ്ലിമിനോട് ഇത്രമാത്രം അക്രമം ചെയ്യുന്നോ? മാത്രമല്ല ഇസ്ലാമിനെ ആക്ഷേപത്തിന് കുറിമാനമാക്കാൻ അന്യർക്ക് അവസരം നൽകുകയാണ് ചെയ്യുന്നത്.

കഴിഞ്ഞ ദിവസം 14, 15 വയസ്സുള്ള കുട്ടികളുടെ ഇന്റർവ്യൂ കാണിക്കുകയുണ്ടായി. അവർക്ക് തങ്ങളുടെ മാതാപിതാക്കൾ നഷ്ടപ്പെട്ടിരുന്നു. ഏതോ കാരണത്താൽ അവരിൽ നിന്നും വേർപ്പെട്ട് പോയതാണ്. ഭക്ഷണത്തിന് ഇവർക്കൊന്നും ലഭിക്കുന്നില്ല. അങ്ങുമിങ്ങും പോയി വല്ലതും തേടിപ്പിടിച്ചു കഴിക്കും. 12, 13 വയസ്സുള്ള കുട്ടിയോട് ചോദ്യകർത്താവ് ചോദിച്ചു: ''നീ ഭാവിയിൽ എന്താകാനാണ് ആഗ്രഹിക്കുന്നത്.?'' അപ്പോൾ അവൻ ചിരിച്ചു കൊണ്ട് മറുപടി പറഞ്ഞു: ''ഞാൻ ക്രിമിനലായിത്തീരുന്നതാണ്. കൊള്ളക്കാരനും തീവ്രവാദിയുമായി ഞാൻ മാറും. ഇതിനു പ്രതികാരം ചെയ്യാൻ ഇതല്ലാതെ ഞങ്ങൾ മറ്റെന്തായിത്തീരുകയാണ് വേണ്ടത്?''

തങ്ങളുടെ കസേര നിലനിർത്താൻ സർക്കാരും കസേര കരസ്ഥമാക്കാൻ പ്രതിപക്ഷവും തങ്ങളുടെ തലമുറയെയാണ് നശിപ്പിക്കുന്നത്. ഈ അക്രമികളെ അല്ലാഹു നശിപ്പിക്കുമാറാകട്ടെ. അക്രമികളുടെ പിടിയിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുമാറാകട്ടെ. നീതിപൂർവ്വം ഭരണം നടത്തുന്ന ഭരണാധികാരികളെ അവർക്ക് ലഭിക്കട്ടെ.

പാകിസ്ഥാനിലും അക്രമം അതിർവരമ്പുകളെല്ലാം ലംഘിച്ചിരിക്കുകയാണ്. അഹ്മദികൾ പീഢനത്തിനിരയായിക്കൊണ്ടിരിക്കുകയാണ്. മാനസികമായും ശാരീരികമായും പീഢിപ്പിക്കുന്നു. പൊതു പാക്കിസ്ഥാനിയും അക്രമത്തിന്റെ ചക്കിലിട്ട് ആട്ടപ്പെടുകയാണ്. ഈ അവസ്ഥ വഷളായിക്കൊണ്ടേ പോകും എന്നാണ് ഇപ്പോഴുള്ള സ്ഥിതിയിൽ നിന്നും മനസ്സിലാകുന്നത്. ഈ തീവ്രവാദ സംഘത്തെ ഉണ്ടാക്കിയത് തന്നെ സർക്കാറാണ്. അതിനാൽ അവരെ ഇവർക്ക് നിയന്ത്രിക്കാനും പ്രയാസമാണ്. അതുകൊണ്ട് ഈ അക്രമികളെ നശിപ്പിക്കാൻ ദുഃആ മാത്രമേ ഉള്ളൂ. വളരെ കൂടുതൽ ദുഃആ ചെയ്യുക. പാക്കിസ്ഥാനിൽ നിന്നും ഈ അക്രമികളെ അല്ലാഹു തൂത്തെറിയട്ടെ.

ഇതേ പോലെ മിസ്റ്, ലിബിയ, പോലെയുള്ള മറ്റ് മുസ്ലിം നാടുകളുടെയും അവസ്ഥ മോശമാണ്. അല്ലാഹു ഇവർക്ക് ബുദ്ധി നൽകട്ടെ. ഇസ്ലാമിനെ അപകീർത്തിപ്പെടുത്താനുള്ള ഇവരുടെ പരിശ്രമത്തിൽ നിന്നും രക്ഷിക്കട്ടെ. അക്രമിക്കുന്നവരെ അല്ലാഹു നശിപ്പിക്കട്ടെ. ഇവിടങ്ങളിൽ താമസിക്കുന്ന എല്ലാ അഹ്മദികളെയും അല്ലാഹു സംരക്ഷിക്കട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 January 31 at : Baitul Futuh Mosque, London.
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T. Nasarudheen Calicut
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zila.**